# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5880   04.11.2016 ൽ മറുപടിക്ക്**

**കഞ്ഞിപ്പുര - മൂടാൽ റോഡിലെ പൈപ്പ് ലൈനുകളും, ഇലക്ട്രിക് പോസ്റ്റും മാറ്റുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കഞ്ഞിപ്പുര - മൂടാൽ റോഡിലെ പൈപ്പ് ലൈനുകളും, ഇലക്ട്രിക് പോസ്റ്റും മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; ഈ എസ്റ്റിമേറ്റിൽ ചീഫ് എഞ്ചിനീയർ എടുത്ത നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ; | എ) കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസിന്റെ നീളം 6കി മീ ആണ്. ഈ ബൈപ്പാസിനായി 2012ൽ ഭരണാനുമതി ലഭിച്ച 25 കോടി രൂപയിൽ 10 കോടി രൂപ ലാന്റ് അക്വിസിഷനും, 15 കോടി രൂപ ബൈപ്പാസ് നിർമ്മാണത്തിനുമായിട്ടാണ് നൽകിയത്. അനുവദിച്ച ഈ തുക ഉപയോഗിച്ച് റോഡ് പ്രവൃത്തിക്ക് പുറമേ 1.850 കി മീ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടത്താൻ മാത്രമാണ് സാധിച്ചത്. സ്ഥലമെടുത്ത ഭാഗത്തെ പ്രവൃത്തി പുരോഗമിക്കുന്നു. ഈ ബൈപ്പാസിന്റെ പൂർത്തീകരണത്തിനായി ശേഷിക്കുന്ന 4.150 കി മീ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ, പൈപ്പ് ലൈനുകളും, ഇലക്ട്രിക് പോസ്റ്റും മാറ്റുന്ന പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന അധികതുക അടക്കം 48.56 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ റോഡിന്റെ പ്രവൃത്തിയും, ഭൂമി ഏറ്റെടുക്കലും, പൈപ്പുകളും, ഇലക്ട്രിക് പോസ്റ്റും മാറ്റുന്നതിനുള്ള പ്രവൃത്തികളും |

ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റ് ആണ് സമർപ്പിക്കേണ്ടത് എന്ന നിർദ്ദേശം മഞ്ചേരി നിരത്തുവിഭാഗം എക്സി. എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ബി) ഇതു സംബന്ധിച്ച ഫയലിൽ ലെറ്റർ ഓഫ് ക്രഡിറ്റ് ഇഷ്യൂ ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

സി) പ്രവൃത്തി പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ബി) & സി) കുഞ്ഞിപ്പുര - മൂടാൽ റോഡിലെ ഇലക്ട്രിക് പോസ്റ്റുകളും, ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി കെ എസ് ഇ ബി യ്ക്ക് കൈമാറേണ്ട തുകയ്ക്കുള്ള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. ധനകാര്യ വകുപ്പിൽ നിന്ന് ലെറ്റർ ഓഫ് ക്രെഡിറ്റ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ